STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No. 27 /PR/SPMC/PHQ/2024 Date:16.04.2024

## ഓൺലൈൻ സാമ്പത്തികത്തട്ടിപ്പ് : പോലീസിന്റെ ബോധവത്കരണ ക്ലാസ് ബുധനാഴ്ച

വർധിച്ചുവരുന്ന ഓൺലൈൻ സാമ്പത്തികത്തട്ടിപ്പുകളെക്കുറിച്ച് ബാങ്ക് ഉപഭോക്താക്കൾക്ക് അറിവ് പകരുന്നതിന് കേരള പോലീസിൻറെ സൈബർ ഡിവിഷൻ നേതൃത്വം നൽകുന്ന ഓൺലൈൻ ബോധവത്കരണക്ലാസ് ബുധനാഴ്ച നടക്കും.

തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ബാങ്കുകളിലെ ഉപഭോക്താക്കൾക്കുള്ള ഓൺലൈൻ ക്ലാസിന് ഏപ്രിൽ 17 ന് വൈകിട്ട് ആറുമണിക്ക് സൈബർ ഓപ്പറേഷൻസ് വിഭാഗം ഐ ജിയുടെ ചുമതല വഹിക്കുന്ന ക്രൈം ബ്രാഞ്ച് എഡിജിപി എച്ച്. വെങ്കടേഷ് നേതൃത്വം നൽകും. സൈബർ ഡിവിഷനിലെ വിദഗ്ധരായ പോലീസ് ഉദ്യോഗസ്ഥർ ക്ലാസ് നയിക്കും. പോലീസിലെയും വിവിധ ബാങ്കുകളിലെയും മുതിർന്ന ഓഫീസർമാരും സൈബർ വിദഗ്ധരും പങ്കെടുക്കും. കേരള പോലീസിൻറെ ഫേസ്ബുക്ക് പേജിൽ ക്ലാസ് തത്സമയം കാണാം.

മറ്റു ജില്ലകളിലെ ബാങ്കിങ് ഉപഭോക്താക്കൾക്കായി തുടർന്നുള്ള ദിവസങ്ങളിൽ ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.